എസ്.കാച്ചപ്പിള്ളി



# മറ്റു കൃതികൾ

**കഥകൾ:**

ഒറ്റമുറിവീട്
ഒരു ബുദ്ധിജീവിയും കുറെ അനുയായികളും
ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ
കേശുവിന്റെ കഥ, എന്റെ വിധിയും

**ലേഖനങ്ങൾ:**

കേരളമോഡൽ പ്രതിസന്ധി
ക്ലബ് ഹൗസ്
ക്ലബ് ഹൗസ് രണ്ടാം ഭാഗം
കേരള സാമ്പത്തിക പ്രതിസന്ധി
ചിതറിയ ചിന്തകൾ
ദുരന്തങ്ങൾ നൽകുന്ന പാഠം
സാന്ത്വനം
മൊഴിമുത്തുകൾ
എന്റെ ജനാധിപത്യ ചിന്തകൾ
എന്റെ സാമൂഹ്യ സരുക്ഷാ ചിന്തകൾ
ഓർമ്മക്കുറിപ്പുകൾ

**വാർത്താധിഷ്ഠിതം:**

കഥ തുടരുന്നു
സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ

**കരിക്കുലം പഠനം:**

മതമില്ലാത്ത ജീവൻ

web: www.kachappilly.in (free download of all books)
Face book: Sebastian Kachappilly
Youtube: sebastiankachappilly

**എന്റെ ജനകീയാസൂത്രണ ചിന്തകൾ**

എസ്.കാച്ചപ്പിള്ളി


Author : s.kachappilly

Phone : 9446459784

Email : sebastiankachappilly@gmail.com

Publishers : Samskara Nayarambalam,
Kochi 682509.

Published on : June 2025.

എന്റെ ഗ്രാമസഭ. 2025-26 വാർഷിക പദ്ധതി ഗുണ ഭോക്താക്കളുടെ ലിസ്റ്റിന് അംഗീകാരം എന്നതായി രുന്നു ആദ്യ അജണ്ട. 2024-25 വാർഷിക പദ്ധതി അഡീഷണൽ ലിസ്റ്റ് സാധൂകരണം എന്നതായി രുന്നു രണ്ടാമത്തെ അജണ്ട.

ഒരു ജനാധിപത്യ രാജ്യത്തിലെ അതിപ്രധാനമായ ഒരു സഭ (ഗ്രാമസഭ) കൂടുമ്പോൾ നിയമപരമായ അജണ്ടയിൽ ഒതുക്കാവുന്നതല്ല എന്ന് പ്രത്യേകം എടുത്ത് പറയേണ്ടതുണ്ട്. പഞ്ചായത്തുമായി ബന്ധ പ്പെട്ട വിവരങ്ങൾ കൈമാറാൻ (അറിയിക്കാൻ) ഉത കുന്ന ഈ അവസരം എന്തുകൊണ്ടോ ഉപയോഗ പ്പെടുത്തുന്നതിൽ നമ്മുടെ ഗ്രാമസഭകൾ പരാജയ പ്പെടുന്നു എന്നത് എടുത്ത് പറയേണ്ടതാണ്. പുതിയ വാർഡുകളുടെ രൂപീകരണത്തിൽ പഞ്ചായ ത്തിലെ വാർഡുകളുടെ എണ്ണത്തിലെ വർദ്ധനവും നിലവിലെ ഗ്രാമസഭയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ പുതിയതായി രൂപീകൃതമായി വരുന്ന വാർഡുകളിൽ എവിടെയൊക്കെ വരും എന്ന തൊക്കെ ജനാധിപത്യ രാജ്യത്തിലെ ഏതൊരു പൗരനും അറിയാനുള്ള അവകാശവും യോജ്യമാ യ അവസരങ്ങൾ ഉപയോഗപ്പെടുത്തി അറിയിക്കാ നുള്ള കടമയും ഗ്രാമസഭയിൽ പങ്കെടുത്ത ഉദ്യോഗ

സ്ഥരൊ, ഭാരവാഹികളൊ പ്രയോജനപ്പെടുത്തുക യുണ്ടായില്ല എന്നത് ഉദാഹരണമായി പറയാവുന്ന താണ്.

നിരോധിത പ്ലാസ്റ്റിക് കിറ്റുകൾ പഞ്ചായത്തിന്റെ പരിധിയിൽ കടയുടമകൾ ഉപയോഗിക്കുന്നുവെ ങ്കിൽ അതിനു പരിഹാരമായി എന്ത് നടപടി പഞ്ചാ യത്തിന്റെ ഭാഗത്തു നിന്നുണ്ടായി എന്ന് വിശദീകരി ക്കേണ്ട അവസ്ഥ സംജാതമായിട്ടും ഉദ്യോഗ സ്ഥരൊ ഭാരവാഹികളൊ അതിനെപ്പറ്റിയൊന്നും അറിഞ്ഞതായി ഭാവിച്ചു കണ്ടില്ല. ഗ്രാമസഭകളുടെ ഇടവേളകളിൽ പഞ്ചായത്തുമായി ബന്ധപ്പെട്ട് വന്നി ട്ടുള്ള അറിയിപ്പുകളും നോട്ടീസ് ബോർഡിൽ നിയ മപരമായി പരസ്യപ്പെടുത്തുന്ന അറിയിപ്പുകളുടെ യുമൊക്കെ വിശദമായ വിവരങ്ങൾ വരാനിരി ക്കുന്ന ഗ്രാമസഭകളിൽ പങ്കെടുന്നവർക്ക് ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(1)

എന്തിനും ഏതിനും കമ്മിറ്റിയുണ്ടാക്കുകയും പത്ര ത്താളുകളിൽ ചിത്രവും പേരും വരുന്നതുമൊക്കെ യായി മാറിയിരിക്കുന്നു നമ്മുടെ ജനാധിപത്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇത്തരം പലവിധ കമ്മിറ്റികൾ രൂപീകരിക്കുകയും അവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധ പ്പെട്ട പ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധ കാണി ക്കാതിരിക്കുകയും സമയാസമയങ്ങളിൽ ഉത്തരവാ ദിത്വം നിറവേറ്റാതിരിക്കുകയും ചെയ്യുന്നതിനാൽ പഞ്ചായത്തുകളുടെ പുരോഗതിക്ക് തടസമായി മാറുകയും ചെയ്യുന്നു. - എസ്.കാച്ചപ്പിള്ളി

(2)

സംസ്ഥാനത്ത് പോലീസുകാർക്കിടയിലെ ക്രിമിന ലുകളുടെ ശതമാനക്കണക്ക് പ്രസിദ്ധപ്പെടുത്തിയത് ഏറെക്കുറെ ഭയപ്പെടുത്തുംവിധം ഉയർന്നതാണ്. ക്രമസമാധാനത്തിന്റെ നിലവാരവും ഭരണാധികാരി കളുടെ നിലവാരവും ഉയർന്നതായാൽ മാത്രമെ മികച്ച ഭരണ സംവിധാനം കൊണ്ടുവരുവാൻ കഴി യുകയുള്ളൂ. തദ്ദേശ സ്വയംഭരണ സംവിധാന ത്തിൽ ക്രിമിനൽ പശ്ചാത്തലമില്ലാത്ത മികച്ച വ്യ ക്തിത്വങ്ങൾ തിരഞ്ഞെടുക്കപ്പെട്ടാൽ മാത്രമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മികച്ചതും കാര്യക്ഷമവുമായ ഭരണ സംവിധാനം സാധ്യമാകൂ എന്ന് കേരള ജനത തിരിച്ചറിയേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(3)

സംസ്ഥാനത്തിന്റെ വികസനം പോലെ തന്നെ കേരള ജനത അർഹിക്കുന്ന മറ്റൊരു കാര്യമാണ് സർക്കാർ തൊഴിലിടങ്ങളിലെ കാര്യക്ഷമത. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഏതാണ്ട് നല്ലൊരു വിഭാഗം ഇടപാടുകളും ഓൺ ലൈൻ വഴി നടത്താമെന്നിരിക്കെ അവക്കെല്ലാം നിശ്ചിത തീയതിക്കകം അർഹിക്കുന്ന മറുപടി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. - എസ് കാച്ചപ്പിള്ളി

(4)

കേരളത്തിന്റെ നിലവാരം ആഗോള നിലവാരത്തിലാണെന്ന് കരുതപ്പെടുന്നു.  എന്നിട്ടും രാഷ്ട്രീയ മേഖലയിലുള്ളവർ കേരളീയനെ പറഞ്ഞ് പറ്റിക്കുന്നത് സാധാരണമായിരിക്കുന്നു.  തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ഉത്തരവാദിത്വപ്പെട്ടവരാണെന്നും അവർ ജനങ്ങളുമായി നേരിട്ട് ഇടപെടേണ്ടവരാണെന്നും തിരിച്ചറിഞ്ഞ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകൾ രാഷ്ട്രീയേതര തിരഞ്ഞെടുപ്പാക്കാൻ കേരളത്തിലെ വോട്ടർമാർ തയ്യാറാകേണ്ടിയിരിക്കുന്നു - എസ്.കാച്ചപ്പിള്ളി

(5)

വിവിധ മതവിഭാഗങ്ങൾ വിവിധ വിശ്വാസങ്ങളും വിവിധ ആചാരങ്ങളുമായി ദൈവത്തെ സ്തുതിക്കുന്നു. വേറിട്ട ഇത്തരം വിശ്വാസങ്ങൾക്കിടയിലും ആചാരങ്ങൾക്കിടയിലും മനുഷ്യന്റെ മനസ്സിന് ഓജസും ശക്തിയും ലഭിക്കുന്നു. ഇത്തരം വിവിധങ്ങളായ മതങ്ങളുടെ സൗഹൃദം വളർത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള കൂടിയ സാധ്യതകളാണ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ മിഴിവ് വർദ്ധിപ്പിക്കുന്നത്. - എസ്.കാച്ചപ്പിള്ളി

(6)

രാജ്യപുരോഗതി എന്നത് നല്ലതിനെ നല്ലതായി കാണാത്തവരെ തുരത്തിയെറിയുവാനുള്ള ജനാധിപത്യ വിശ്വാസികളുടെ കരുത്താണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പുക ളിലും മാന്യതയെ മാന്യതയായി കാണാതെ ജനാ ധിപത്യ വിശ്വാസികളുടെ വോട്ട് വിനിയോഗിക്കപ്പെ ടുമ്പോൾ നല്ലത് അവഗണിക്കപ്പെടുകയും അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന മുരടിപ്പിന് കാരണമാവുകയും ചെയ്യുന്നു. - എസ്. കാച്ചപ്പിള്ളി.

(7)

ചെറുവരപോലെ കിടക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഒരു വർഷം മുന്നൂറിലധികം കുട്ടികൾ ആത്മഹത്യ ചെയ്യുന്നു. ആത്മഹത്യകളുടെ എണ്ണം പരിധിക്കപ്പുറമായാൽ അതിനർത്ഥം അവിടങ്ങളിലെ ഭരണാധികാരികളും രാഷ്ട്രീയ നേതൃത്വവും പ്രചരിപ്പിക്കുന്നതും നടപ്പാക്കുന്നതുമായവ അനർത്ഥങ്ങളാണ് എന്നതാണ്. സംസ്ഥാന ഭരണത്തിന്റെ കാര്യത്തിലായാലും തദ്ദേശസ്വയംഭരണത്തിന്റെ കാര്യത്തിലായാലും സദുദ്ദേശപരമായ പ്രവൃത്തികളല്ല അവിടത്തെ ഭരണാധികാരികൾ ചെയ്യുന്നതെങ്കിൽ സമൂഹത്തിലെ കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ച തടസപ്പെടുക തന്നെ ചെയ്യും. അത്തരം തടസങ്ങൾക്ക് കാരണക്കാരാകിതിക്കാനൊത്തവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുത്ത് പ്രതിഷ്ഠിക്കേണ്ടിയിരിക്കുന്നു.
- എസ്.കാച്ചപ്പിള്ളി

(8)

നന്മ ചെയ്യുവാൻ പ്രേരണ നൽകുന്ന സമൂഹം തന്നെയാണ് ഏറ്റവും മികച്ച സമൂഹമൊരുക്കുന്ന തിൽ പ്രധാന പങ്ക് വഹിക്കുന്നത്. നന്മ ചെയ്യു വാൻ പ്രേരണ നൽകുന്ന സമൂഹം എന്നതു കൊണ്ട് ജനാധിപത്യത്തിൽ അർത്ഥമാക്കുന്നത് നന്മ ചെയ്യാൻ പ്രാപ്തരായവരെ ഭരണ നിർവ്വഹണ മേധാവികളായി തിരഞ്ഞെടുക്കുക എന്നതാണ്. കൂടിയ അധികാരങ്ങളും പദ്ധതികളും ലഭിച്ചിരി ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമൂഹം ആരെയാണ് ഭരണമേൽപ്പിക്കുന്നത് എന്നത് മികച്ച സമൂഹമൊരുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ അവരുടെ പ്രദേശങ്ങൾ മികച്ച സമൂഹമായി മാറുന്നതിനാവശ്യമായ വ്യക്തിത്വങ്ങളെ അവരോധി ക്കുന്ന ഇടങ്ങളായി മാറുമെന്ന് ആശിക്കാം. – എസ്. കാച്ചപ്പിള്ളി

(9)

നമ്മുടെ സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷമി ല്ലാത്തതിനാലും വേതന സേവന വ്യവസ്ഥകളിൽ അമിതമായ അന്തരം ഉള്ളതിനാലും സർക്കാർ ജീവ നക്കാരനായി കഴിയുക എന്നത് കേരളത്തിലെ ഒട്ടു മിക്ക യുവതീ-യുവാക്കളുടെയും ആഗ്രഹമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനങ്ങൾക്കി ടയിൽ വേണ്ടത്ര അവബോധം വളർത്തി ഒരു പുതിയ തൊഴിൽ സംസ്ക്കാരം രൂപപ്പെടുത്താൻ കഴിയേണ്ടിയിരിക്കുന്നു. അത്തരമൊരു തൊഴിൽ സംസ്ക്കാരത്തിന്റെ അഭാവമാണ് കേരളത്തിലെ യുവതയുടെ അന്യരാജ്യങ്ങളിലേക്കുള്ള കൊഴിഞ്ഞു പോക്കിനും നിരാശ ബോധത്തിനും കാരണമാകുന്നത്. പുതിയൊരു തൊഴിൽ സംസ്ക്കാരം വാർത്തെടുക്കുന്നതിൽ തദ്ദേശ സ്വ യംഭരണ സ്ഥാപനങ്ങൾക്ക് കൂടിയ ചുമതല ഉണ്ടെന്നും ഇതിലൂടെ പുതിയതും ആഹ്ലാദകരവു മായ സമൂഹത്തെ സ്രൃഷ്ടിക്കുവാനും കഴിയുന്നു. - എസ്.കാച്ചപ്പിള്ളി

(10)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടു ക്കപ്പെടുന്നവരിൽ അതിനാവശ്യമായ മുന്തിയ വിദ്യാഭ്യാസവും മുന്തിയ പെരുമാറ്റവും മുന്തിയ ചിന്താഗതിയും മുന്തിയ കാര്യക്ഷമതയും എല്ലാം ഉടലെടുക്കുന്ന നല്ല വ്യക്തിത്വത്തിന്റെ അളവുകോ ലായ സംസ്ക്കാരം എത്രത്തോളമുണ്ട് എന്നത് പരി ഗണിക്കേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണ ത്തോടെ കൂടിയ അധികാരം ലഭ്യമായ തദ്ദേശ സ്വ യംഭരണ സ്ഥാപനങ്ങളെ ഭരിക്കാൻ തിരഞ്ഞെടു ക്കുന്നവർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന അധിക സാമ്പത്തിക വിനിമയം ഫല പ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. - എസ്.കാച്ചപ്പിള്ളി

(11)

കടലിന്റെ സാമീപ്യം കൊണ്ടും നദികളാൽ സമ്പുഷ്ടവുമായ കേരളത്തെപ്പോലുള്ള ആധുനിക സമൂഹത്തിൽ വെള്ളപ്പൊക്കം നിയന്ത്രണ വിധേയമാക്കുന്നതിൽ പരാജയപ്പെടുന്നത് ഭരണാധികാരികളുടെ പരാജയമായി കാണേണ്ടിയിരിക്കുന്നു. നദികളാലും തോടുകളാലും സമ്പുഷ്ഠമായ തീരദ്ദേശ പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നദികളെയും തോടുകളേയും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ ഏറെയാണ്. തീരദ്ദേശ പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവിടവിടങ്ങളിലെ തോടുകളും നദികളും സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടാൽ വർദ്ധിച്ചു വരുന്ന പകർച്ചവ്യാധികൾ വർദ്ധിതമായി തുടരുമെന്നും ജീവനു വലിയ ഭീഷണിയായി ഇത്തരം പ്രദേശങ്ങൾ മാറുമെന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു. -എസ്.കാച്ചപ്പിള്ളി

(12)

മാന്യന്മാരെ അവഹേളിച്ച് അധികാരത്തിൽ എത്തിപ്പെടുന്നവരുടെ എണ്ണം അനുദിനം കൂടി വരികയും സംസ്ഥാനത്തിന്റെ വളർച്ചക്ക് തടസമാവുംവിധം അവരുടെ എണ്ണം വളർച്ച പ്രാപിക്കുകയും ചെയ്യുന്നു. കൂടിയ അധികാരങ്ങളുടെയും കൂടിയ സാമ്പത്തിക വിഭവങ്ങളുടേയും പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണത്തിലെത്തപ്പെടാനായി മാന്യന്മാരെ അവഹേളിച്ച് വെടക്കാക്കി തനിക്കാക്കാൻ ശ്രമിക്കുന്നവരുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏറി വരുന്നു എന്ന് അവിടങ്ങളിലെ വോട്ടർമാർ തിരിച്ചറിയേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(13)

ജനാധിപത്യത്തിന്റെ ഒരു പൊതുസ്വഭാവം എന്നത് അവസരവാദികളുടെ നേതൃത്വത്തിലേക്കുള്ള കടന്നു വരവും അവരെ തിച്ചറിയാതെ പോകുന്ന ജനാധിപത്യ വിശ്വാസികളുടെ വോട്ടവകാശം വിനി യോഗിക്കലുമാണ്. തദ്ദേശ സ്ഥാപനങ്ങളിലെ അവ സരവാദികളുടെ കടന്നുകയറ്റമാണ് തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളുടെ വികസന മുരടിപ്പിനു കാര ണമായി പറയാവുന്നത്. - എസ്.കാച്ചപ്പിള്ളി

(14)

മദ്യാസക്തിയും മറ്റിതര ലഹരി മൂലവുമുള്ള അടിമത്വ മനോഭാവത്തെ തിരിച്ചറിഞ്ഞ് അതിനു പരിഹാരം കാണാനുള്ള ഏതൊരു ശ്രമവും അഭിനന്ദനാർഹമായി മാറുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടിയ അധികാരത്തോടെയുള്ള നടപടികൾ മദ്യാസക്തിയും മറ്റിതര ലഹരി മൂലമുള്ള അടിമത്വ മനോഭാവത്തെ ചെറുത്തു തോൽപ്പിക്കുന്നതിൽ നല്ല പങ്ക് വഹിക്കാനുണ്ട്. ഇത്തരം അടിമത്വ മനോഭാവത്തെ ചെറുത്ത് തോൽപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനങ്ങളിൽ കൂടുതൽ ജനാധിപത്യ മനോഭാവം വളർത്തിയെടുക്കുവാൻ സാധിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(15)

# വികസന ഫണ്ട് (2025 - 2026)

(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നവ)

പൊതുവിഭാഗം

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്

ധനകാര്യ കമ്മീഷൺ ഗ്രാന്റ് ടൈഡ്

വികസന ഫണ്ട് എസ്.സി.പി.

മെയിന്റനൻസ് റോഡ് ഇതര ഫണ്ട്

മെയിന്റനൻസ് റോഡ് ഫണ്ട്

(16)

സമൂഹത്തിന്റെ മെച്ചപ്പെട്ട വളർച്ചക്ക് സർക്കാർ തൊഴിലിടങ്ങളിലെ അച്ചടക്കമില്ലായ്മയും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക അച്ചടക്കമി ല്ലായ്മയും തടസമായി മാറുന്നു. ലോകത്ത് മറ്റൊ രിടത്തും കാണാനിടയില്ലാത്ത നോക്കുകൂലി പോലുള്ള അപരിഷ്കൃതമായ നടപടികളും കേര ളീയ സമൂഹത്തിന്റെ വളർച്ചയെ വല്ലാതെ ബാധിച്ചി ട്ടുണ്ട്. തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങ ളുടെ പരിധിയിലെ തൊഴിലിടങ്ങൾ അച്ചടക്ക ത്തോടെ പോകുന്നുണ്ടോ എന്ന് പരിശോധിക്കേ ണ്ടതും നോക്കൂകൂലി പോലുള്ള അപരിഷ്കൃത തട്ടിപ്പറികളും തങ്ങളുടെ പരിധിയിൽ നടക്കുന്നി ല്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. എല്ലാത്തിലുമുപരി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക അച്ചടക്കം പാലിച്ച് മുന്നോട്ടു പോകുന്നു ഇന്ന് ഉറപ്പ് വരുത്തേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(17)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇടതടവില്ലാതെ കുടിവെള്ള വിതരണം അവരുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ലഭിക്കുന്നുണ്ടെന്നു ഉറപ്പാക്കേണ്ടിയിരിക്കുന്നു. കൂടിയ അധികാരങ്ങൾ വന്നു ചേർന്നിട്ടുള്ള ഇപ്പോഴത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമെങ്കിൽ കടൽ വെള്ളമൊ കായൽ വെള്ളമൊ ശുദ്ധി ചെയ്ത് കുടിവെള്ളം ലഭ്യമാക്കാൻ മുന്നോട്ടു വരേണ്ടിയിരിക്കുന്നു - എസ്.കാച്ചപ്പിള്ളി

(18)

മദ്യവും മദിരാക്ഷിയും പുകവലിയും നിയന്ത്രണവിധേയമാകുന്നതോടെ ആരോഗ്യകരവും സന്തോഷകരവുമായ ജീവിതത്തിന് ആവശ്യമായ മറ്റു ഉപാധികളോട് രമ്യപ്പെടാനും നമ്മുടെ സംസ്ഥാനത്തെ കുട്ടികൾക്ക് കഴിയുന്നു. നമ്മുടെ കുട്ടികൾക്ക് മദ്യവും അത്തരം ഉൽപ്പന്നങ്ങളും പ്രലോഭന വസ്തുക്കളായി മാറാതിരിക്കേണ്ടത് ആ സമൂഹത്തിന്റെ മെച്ചപ്പെട്ട വളർച്ചക്ക് അത്യന്താപേക്ഷിതമാണ്. അധികാര വികേന്ദ്രീകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ കൂടിയ അധികാരമുപയോഗിച്ച് അതാതുപ്രദേശങ്ങളിൽ നമ്മുടെ കുട്ടികളിൽ മദ്യവും അത്തരം ഉൽപ്പന്നങ്ങളും പ്രലോഭന വസ്തുക്കളായി മാറുന്നില്ല എന്ന് ഉറപ്പ് വരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുക തന്നെ വേണം. - എസ്.കാച്ചപ്പിള്ളി

(19)

പഞ്ചായത്ത് രാജ് നിയമ ഭേദഗതിയിലൂടെ ലഭിച്ച കൂടിയ അധികാരങ്ങളും കൂടിയ കോടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ഉത്തരവാദിത്വം ഉള്ളവരാക്കി മാറ്റുന്നു. മറ്റിതര സ്ഥാപനങ്ങൾ പോലെ മികവുറ്റ വിദ്യാഭ്യാസ സ്ഥപനങ്ങളുമായി മുന്നേറാൻ അതാതു പ്രദേ ശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴി യേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേന്മയും ഗുണനിലവാരവും ഉറപ്പ് വരുത്താനുള്ള ചുമതല അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന് ഓർമ്മിക്കുന്നത് നന്നായി രിക്കും. - എസ്.കാച്ചപ്പിള്ളി

(20)

1. ധാർമ്മികതയുള്ളയാളും പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യുകയില്ലാ എന്ന വിശ്വാസമുള്ളയാളും ആയിരിക്കണം തിരഞ്ഞെടുക്കപ്പെടേണ്ടത്.
2. ജനവിഭാഗത്തിന്റെ ജീവിത സൂചികയെപ്പറ്റി പഠിച്ച് അവക്ക് പരിഹാരം കാണാൻ കഴിവുള്ളയാളുമായിരിക്കണം തിരഞ്ഞെടുക്കപ്പെടേണ്ടത്.
3. നിയമ വ്യവസ്ഥയെക്കുറിച്ച് ആഴത്തിലുള്ള അറിവുള്ളയാളായിരിക്കണം തിരഞ്ഞെടുക്കപ്പെടേണ്ടത്.
4. ഭരണ കർത്താവായി വീണ്ടും തിരഞ്ഞെടുക്കപ്പെടണം എന്ന ആഗ്രഹമില്ലാത്തയാളായിരിക്കണം തിരഞ്ഞെടുക്കപ്പെടേണ്ടത്.
5. പോയകാലത്തെ തിരഞ്ഞെടുക്കപ്പെട്ടയാളുകളുടെ വാക്കുകളെ ആദരവോടെ കാണാനുള്ള വ്യക്തിവിനയമുള്ളയാളായിരിക്കണം തിരഞ്ഞെടുക്കപ്പെടേണ്ടത്. – എസ്.കാച്ചപ്പിള്ളി

(21)

കാലാവസ്ഥയേയും പരിസ്ഥിതിയേയും കാലോചിതമായി സംരക്ഷിക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലോചിതമായി കെട്ടിട നിർമ്മാണ നിയമങ്ങൾ കൊണ്ടു വന്ന് അവ കാലാവസ്ഥക്കും പരിസ്ഥിതിക്കും കോട്ടം തട്ടാത്തവയാണെന്നും സമൂഹ ഘടനയിൽ സമാധാനവും ദീർഘകാലം സന്തോഷവും പ്രചോദനം ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണം, പരിസ്ഥിതി സംരക്ഷണം, കെട്ടിട നിർമ്മാണ നിയമങ്ങൾ എന്നിവയെല്ലാം കാലോചിതമായും നിയമാനുസൃതമായും നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(22)

പരിസ്ഥിതിയുടെ കാര്യത്തിലും സാമൂഹ്യ സുരക്ഷ യുടെ കാര്യത്തിലും സ്ത്രീകളുടെ തുല്ല്യ പങ്കാളി ത്തത്തിന്റെ കാര്യത്തിലും എത്രമാത്രം പുരോഗതി സമൂഹത്തിലുണ്ട് എന്നതാണ് അഭിവൃദ്ധി പ്രാപിച്ച സമൂഹത്തിന്റെ അളവുകോൽ. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങൾ പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കിയതോടെ ചലനാത്മകമായ സമൂഹ ത്തിന്റെ മേൽപ്പറഞ്ഞ അളവുകോൽ കയ്യാളുന്ന ജനാധിപത്യ സംവിധാനങ്ങളിലൊന്നായി മാറി. നമ്മുടെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിസ്ഥിതിയുടെ കാര്യത്തിലും സാമൂഹ്യ സുരക്ഷയുടെ കാര്യത്തിലും സ്ത്രീക ളുടെ തുല്ല്യ പങ്കാളിത്തത്തിന്റെ കാര്യത്തിലും അതീവ ശ്രദ്ധയുള്ള ജനാധിപത്യ സ്ഥാപനങ്ങളാണ് എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. - എസ്.കാച്ചപ്പിള്ളി

(23)

എറണാകുളം ജില്ലയിലെ വൈപ്പിൻകര എറണാകുളം നഗരത്തോടും കൊച്ചി കണ്ടെയ്നർ തുറമുഖത്തോടും ചേർന്നു കിടക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കയറ്റുമതിക്ക് പര്യാപ്തമായ ഉൽപ്പന്നങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കാനുതകുന്ന വ്യവസായിക കാലാവസ്ഥ ലഭ്യമാക്കേണ്ടതുണ്ട്. കയറ്റുമതിക്കുതകുന്ന യൂണിറ്റുകൾ ആ പ്രദേശത്തിന്റെ ഉയർന്ന തൊഴിൽ സാഹചര്യം വർദ്ധിപ്പിക്കുന്നുണ്ടെന്നും അതുവഴി ആ പ്രദേശത്തുകാരുടെ ജീവിതാന്തസുയർത്താൻ സാധ്യമാകുന്നു എന്നും അവണടങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(24)

തീരദേശ മേഖലയിൽ ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിൽ മത്സ്യബന്ധനം നിർണ്ണായക സ്ഥാനം വഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടലിൽ നിന്നുള്ള അശാസ്ത്രീയമായ മത്സ്യബന്ധനം തങ്ങളുടെ നിരീക്ഷണ പരിധിയിൽ വരുന്ന മേഖലയിൽ നടക്കുന്നില്ലായെന്നു ഉറപ്പു വരുത്തേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അശാസ്ത്രിയ മത്സ്യബന്ധനം നടത്തുന്നവരെ നിയമത്തിനു കീഴിൽ കൊണ്ടുവരുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു എന്ന് ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(25)

പോഷാകാഹാര പ്രധാനമായ വിഭവങ്ങളുടെ ലഭ്യത ഉറപ്പു വരുത്തേണ്ടത് സാമൂഹ്യ സുരക്ഷ നടപ്പിലാക്കുന്നതിന്റെ ആദ്യ ചുവട് വയ്പുകളിലൊന്നാണ്. കേരളത്തിലെ കായലുകളിലും കടലിലുമൊക്കെ മത്സ്യങ്ങളുടെ ലഭ്യത വല്ലാതെ കുറഞ്ഞിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശത്ത് ചെറുമത്സ്യങ്ങൾ പിടിക്കുകയൊ വിൽപ്പന നടത്തുകയൊ ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ചെറുമത്സ്യങ്ങളെ പിടിക്കുകയൊ വിൽപ്പന നടത്തുകയൊ ചെയ്യുന്നവരെ നിയമത്തിനു മുമ്പിൽ കൊണ്ടു വരേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ കടമയായി കാണേണ്ടിയിരിക്കുന്നു. = എസ്.കാച്ചപ്പിള്ളി

(26)

നമ്മുടെ രാജ്യം ഭക്ഷ്യസുരക്ഷ പൗരന്മാർക്ക് നിയമംമൂലം വാഗ്ദാനം ചെയ്യുന്നു. ഭക്ഷണവും വസ്ത്രവും ഭവനവുമൊക്കെ ഏതൊരു പൗരന്റേയും അവകാശങ്ങളിലൊന്നായി കണക്കാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വളർന്നു വരുന്ന അഴിമതി ഇല്ലാതാക്കിയും കാര്യക്ഷമമാർന്ന ഭരണ നടപടികൾ സ്വീകരിച്ചും ഭക്ഷ്യസുരക്ഷയിലെ പോരായ്മകൾ പരിഹരിക്കേണ്ടിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിൽ വരുന്ന ജനവിഭാഗത്തിന് ഭക്ഷ്യസുരക്ഷ ഉറപ്പായും ലഭ്യമാകുന്നു എന്നും ഏതെങ്കിലും തരത്തിലുള്ള പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാനാവശ്യമായ നടപടികളുമായി മുന്നേറേണ്ടതുമുണ്ട്. എസ്.കാച്ചപ്പിള്ളി.

(27)

ഭരണ സ്ഥാപനങ്ങൾ ഫണ്ട് ദുർവിനിയോഗം ചെയ്യുകയാണെങ്കിൽ ജനാധിപത്യ മൂല്ല്യങ്ങൾ തകർക്കപ്പെടുകയാണ് ചെയ്യുന്നത്.  തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഇത്തരം ജനാധിപത്യ മൂല്ല്യങ്ങൾ തകർക്കപ്പെടാതിരിക്കാൻ വോട്ടർമാർ ഉന്നത മൂല്ല്യങ്ങൾ മുറുകെപ്പിടിക്കുന്നവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഭരണ നിർവ്വഹണ മേധാവികളായി തിരഞ്ഞെടുക്കേണ്ടതു ്. - എസ്.കാച്ചപ്പിള്ളി

(28)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എല്ലാവർഷവും പഞ്ചായത്ത് രാജ്-നഗരപാലിക ബിൽ നടപ്പിലാക്കിയതിനുശേഷം വിവിധ ഫണ്ടുകൾ പ്ലാൻ ഫണ്ടുകളായി നൽകുന്നു. ഇതിനു പുറമെയാണ് സ്വന്തമായി വിവിധ ടാക്സ് ഇനങ്ങളിലായും പിരിച്ചെടുക്കുന്നവ. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വക സ്ഥാവരജംഗമ വസ്തുക്കളിൽനിന്നുള്ള വരുമാനവും ലഭിക്കുന്നു. ഈ പ്ലാൻ ഫണ്ടുകൾ പഞ്ചായത്തുകൾക്കെന്നപോലെ ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ലഭിക്കുന്നു. വിവിധ പഞ്ചായത്തുകൾക്ക് ലഭിക്കുന്നത് വിവിധങ്ങളായ കോടികളാണ്.
- എസ്.കാച്ചപ്പിള്ളി

(29)

കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിക്കുന്ന കേന്ദ്ര ബഡ്ജറ്റും സംസ്ഥാന സർക്കാർ സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്ന സംസ്ഥാന ബഡ്ജറ്റും പോലെ പഞ്ചായത്തുകൾ പഞ്ചായത്തിലും ബഡ്ജറ്റ് അവതരിപ്പിക്കുന്നു. പഞ്ചായത്ത് രാജ് സംവിധാനം വന്നതോടെ കേന്ദ്ര ത്തിൽ നിന്നു ലഭിക്കുന്ന തുകയിൽ ചെറുതല്ലാത്ത തുക കൂടിയ അധികാരങ്ങൾ ലഭ്യമായ പ്രാദേശിക ഭരണകൂടങ്ങൾക്കും ലഭിക്കാൻ തുടങ്ങി. - എസ്. കാച്ചപ്പിള്ളി

(30)

വാർഷിക പദ്ധതി രൂപീകരണം സംബദ്ധിച്ച വിവിധ തലക്കെട്ടുകളിൽ വിവിധങ്ങളായ പദ്ധതികൾ രൂപീകരിക്കുന്നു. താഴെ പറയുന്നവ ഉദാഹരണങ്ങളുണ്.

1. കൃഷി
2. പട്ടികജാതി പട്ടികവർഗ്ഗം
3. സാമൂഹ്യനീതി ഉദ: ഓൾഡ് ഏജ് ഹോം
4. വനിത വികസനം
5. പരിസ്ഥിതി
6. സാമൂഹ്യ വികസനം
7. പൊതുമരാമത്ത്
8. ദാരിദ്ര്യ ലഘൂകരണം
9. കുടിവെള്ളം, ശുചിത്വം
10. വിദ്യാഭ്യാസം, ലൈബ്രറി
11. സ്പോർട്ട്സ്
12. കുടുംബക്ഷേമം
13. മത്സ്യബന്ധനം
14. ആരോഗ്യം

(31)

നമ്മുടെ സംസ്ഥാനം പേരിന് പൂർണ്ണ സാക്ഷരത നേടി എന്നഭിമാനിക്കുന്നു. അക്ഷരജ്ഞാനം അറിവല്ല എന്നും അറിവിന്റെ വാതായനങ്ങളാണെന്നും പിന്നീട് സാക്ഷരത പ്രവർത്തകർക്ക് ആവർത്തിച്ചാവർത്തിച്ച് പറയേണ്ടി വന്നു. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ എത്തിപ്പെടുന്നതിന് ആവശ്യമായ പരിശീലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. തങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ആവശ്യമായ പരിശീലനം ലഭ്യമാകുന്ന ഉന്നത വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ ഉണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടിയുമിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(32)

പഞ്ചായത്ത് രാജ് നിലവിൽ വന്നതോടെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് ലഭിക്കാൻ തുടങ്ങി. പ്ലാൻ ഫണ്ടുകൾ പഞ്ചായത്തുകൾക്കെന്നപോലെ ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ലഭിക്കുന്നു. ബ്ലോക്ക് തലത്തിൽ അതിന്റേതായ പരിധിയിൽ വരുന്ന പഞ്ചായത്തുകളെ കൂട്ടിയിണക്കി ബ്ലോക്ക് പഞ്ചായത്തുകൾ വികസനം ലക്ഷ്യമാക്കുമ്പോൾ ജില്ലാ പഞ്ചായത്തുകൾ അതിന്റേതായ പരിധിയിൽ വരുന്ന ബ്ലോക്ക് പഞ്ചായത്തുകളെ കൂട്ടിയിണക്കി വികസനം സാധ്യമാക്കേണ്ടതുണ്ട്. ചുരുക്കത്തിൽ പലവിധ കോടികൾ ഈ രണ്ടു അപ്പലൈറ്റ് പഞ്ചായത്തുകളും വിവിധങ്ങളായ മേഖലയിൽ അതാത് പ്രദേശത്തെ പഞ്ചായത്തുകളുടെ വികസനത്തിനായി ചിലവഴിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(33)

മനുഷ്യത്വം അന്യവത്ക്കരിക്കപ്പെട്ടുപോകുന്ന പ്രത്യേക അവസ്ഥാ വിശേഷം കേരളത്തിൽ നില നിൽക്കുന്നു. കാമ്പസുകളിലെ പോരാട്ടങ്ങളിലും രാഷ്ട്രീയ പോരാട്ടങ്ങളിലും ഭ്രമിക്കുന്ന യുവത പലപ്പോഴും മനുഷ്യത്വം നഷ്ടപ്പെട്ട അവസ്ഥയിൽ പെരുമാറുന്നതായി കാണാവുന്നതാണ്. കൂടിയ അധികാരങ്ങൾ ലഭ്യമായ ഇപ്പോഴത്തെ തദ്ദേശ സ്വ യംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രദേശത്തും അധികാര പരിധിയിൽപ്പെടുന്നതുമായ സ്ഥാപന ങ്ങളിൽ മനുഷ്യത്വത്തിന് കൂടുതൽ പരിഗണന നൽകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടിയിരിക്കുന്നു. മനുഷ്യത്വത്തിന് മുന്തിയ പരിഗണ നൽകുന്ന സമൂ ഹത്തെ സൃഷ്ടിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായ ജാഗ്രത ഉണ്ടാകേ ണ്ടതുണ്ട്. - എസ്.കാച്ചപ്പിള്ളി

(34)

നമ്മുടെ സംസ്ഥാനമായ കേരളത്തിലെ സ്ക്കൂളുകൾ ദേശവത്ക്കരിച്ചിരുന്നുവെങ്കിൽ സർക്കാർ സ്ഥാപനങ്ങളോടും പൊതുമേഖല സ്ഥാപനങ്ങളോടും താരതമ്യം ചെയ്യാൻ പറ്റാത്തത്ര വളർച്ച കൈവരിക്കാൻ നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സാധിക്കുമായിരുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖല നൽകുന്ന ദിശാസൂചികക്കനുസൃതമായ മാറ്റങ്ങൾ അവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലും പ്രദേശങ്ങളിലും നടപ്പിലാക്കേണ്ടതുണ്ട്. വേണ്ടത്ര വളർച്ച കൈവരിക്കാൻ കഴിഞ്ഞ വിദ്യാഭ്യാസ മേഖല നൽകുന്ന ദിശാസൂചികക്കൊത്തവിധമാണ് മറ്റിതര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി.

(35)

വളരെ ചെറിയ ആൾക്കൂട്ടത്തിനു വേണ്ടി മാത്രം ഖജനാവ് കാലിയാക്കുന്നതല്ല തൊഴിൽ പരിഷ്ക്കാരം എന്ന് കേരളീയൻ തിരിച്ചറിയേണ്ടിയിരിക്കുന്നു. കൂടിയ അധികാരങ്ങളുള്ള ഇപ്പോഴത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെ.സ്മാർട്ടിലൂടെ ഓൺലൈനായി ഒട്ടുമിക്ക സേവനങ്ങളും ലഭിക്കുക എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ആധുനിക സംവിധാനമുപയോഗിച്ച് വളരെ കുറഞ്ഞ ചിലവിലും കുറഞ്ഞ സമയത്തിലും ഒട്ടുമിക്ക സേവനങ്ങളും കൂടുതൽ മേന്മയോടെ സമൂഹത്തിനു ലഭ്യമാകുന്നു എന്നതു തന്നെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓൺലൈൻ സേവനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ സമൂഹത്തിന് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. - എസ്.കാച്ചപ്പിള്ളി

(36)

കേരളത്തിന്റെ കാലങ്ങളായുള്ള ആവശ്യങ്ങളിലൊ ന്നായിരുന്നു ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പോലെ കേരള അഢ്മിനിസ്ട്രേറ്റീവ് സർവ്വീസ്. പക്ഷെ നടപ്പിലാക്കിയപ്പോൾ അപാകത കൾ ഏറെയുള്ളതിനാലാവണം കേരള മുഖ്യമന്ത്രി തന്നെ വേണ്ടത്ര പ്രതീക്ഷക്കൊത്ത് ഉയരാൻ ഈ വിഭാഗത്തിനു കഴിഞ്ഞില്ല എന്ന് സമ്മതിക്കേണ്ടി വന്നത്. അപാകതകൾ ഏറെയുള്ളതിനാലാവണം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കാര്യക്ഷമ യുടെ കാര്യത്തിൽ പ്രതീക്ഷക്കൊത്ത് ഉയരാൻ കഴി യാതെ വന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് അവരുടെ പരിധിയിൽ വരുന്ന പ്രവർത്തന ങ്ങളുടെ കാര്യക്ഷമത സൂക്ഷമമായി നിരീക്ഷി ക്കാൻ കഴിയേണ്ടതും ത്രിതല പഞ്ചായത്തുകൾ കാര്യക്ഷമമായ സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കു ന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ് - എസ്.കാച്ച പ്പിള്ളി

(37)

കേരളത്തിൽ നിലവിലെ അവസ്ഥയിൽ ലഹരി പരി ധിക്കപ്പുറമായി വർദ്ധിച്ചിരിക്കുകയാണ്. ജില്ലാടി സ്ഥാനത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ശിശുക്ഷേമ സമിതി, ജുവനൈൽ ജസ്റ്റിസ് ബോർഡ്, സ്പെഷൽ ജുവനൈൽ പോലീസ് എന്നിവ നമ്മുടെ കുട്ടികളെ രക്ഷിക്കാനുള്ള സർക്കാർ സംവിധാനങ്ങളാണ്. സത്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധി യിലാണ് കൂടുതൽ ജാഗ്രത ഇക്കാര്യത്തിൽ പാലി ക്കേണ്ടി വരുന്നത്. താഴെ തട്ടിലെ തദ്ദേശ സ്വയംഭ രണ സംവിധാനത്തിൽ ചൈൽഡ് വെൽഫയർ ആൻഡ് പ്രൊട്ടക്ഷൻ കമ്മിറ്റി നിർബന്ധമായും നിയമപരമായി തന്നെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(38)

പഞ്ചായത്ത് രാജ് നടപ്പിലാക്കിയതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടിയ സാമ്പത്തിക വിഭവശേഷിയും കൂടിയ അധികാരങ്ങളും വന്നു ചേർന്നു. വായനാധിഷ്ഠിത സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടിയ ഉത്തരവാദിത്വവും അതുവഴി സമൂഹത്തിന്റെ വളർച്ച ഉറപ്പു വരുത്താനും കഴിയുന്നു. പൊതുജനങ്ങളെ വിദൂര സംവേദനത്തിലൂടെ പുസ്തകങ്ങൾ കരസ്ഥമാക്കാനും ആവശ്യമെങ്കിൽ വായനശാലകൾക്ക് പുറമെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പുസ്തകങ്ങളും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിലെ മറ്റിതര മേഖലയിലുള്ളവർക്ക് ലഭ്യമാക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(39)

സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡിൽ മസ്ദൂർ ആയി തിരഞ്ഞെടുത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറായി മാറുന്നത് കാര്യക്ഷമതയുടെ പേരിലല്ലാത്തതിനാൽ അത് സമൂഹത്തിന് ഭാരിച്ച ജീവിതച്ചിലവ് സമ്മാനിക്കുന്നു. ഇത് സംസ്ഥാ നത്തെ ഭാരിച്ച ജീവിതച്ചിലവിന് ഒരു ഉദാഹരണം മാത്രമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശങ്ങളിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങളും പ്രമോഷനും കാര്യക്ഷമതയുടെ പേരിലായിരിക്കാൻ ശ്രദ്ധിക്കേ ണ്ടിയിരിക്കുന്നു. അതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുറഞ്ഞ കൈകാര്യ ചിലവു കൊണ്ട് സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകാ നും ഇപ്പോഴത്തെ ജനങ്ങളുടെ ഭാരിച്ച ജീവിതച്ചി ലവ് കുറച്ചു കൊണ്ടു വരുവാനും കഴിയുന്നു. - എസ്.കാച്ചപ്പിള്ളി

(40)

സി.എൻ.ജി ടെർമിനലും, കണ്ടെയ്നറും, എന്റെ നാടായ വൈപ്പിൻകരയിൽ നിന്നും എറണാകുള ത്തേക്കുള്ള പാലവുമൊക്കെ വൈപ്പിൻകരയുടെ മാത്രമല്ല സംസ്ഥാനത്തിന്റെ തന്നെ വികസന കുതി പ്പിന്റെ ചാലകങ്ങളാണ്. സംസ്ഥാനത്തിന്റെ തന്നെ വികസനത്തിന് ചാലകശക്തിയായി മാറുന്ന ഇത്തരം സ്ഥാപനങ്ങൾ വൈപ്പിൻകരയുമായി ബന്ധപ്പെടുത്തി പറയുമ്പോഴും എൽ.എൻ.ജി വീടു കളിലേക്ക് ഗ്യസ് ലഭ്യമാകുന്നതിൽ വൈപ്പിൻക രയെ പരിഗണിക്കേണ്ടതുണ്ടെന്ന് തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. ത്രിതല പഞ്ചായത്തുകൾ വൈപ്പിൻകരയെക്കൂടി ഗ്യാസ് ലഭ്യമാക്കുന്നതിലേക്ക് പരിഗണിക്കുന്നതിന് ആവശ്യമായ നടപടികളുമായി മുന്നേറേണ്ടതുണ്ട്. - എസ്.കാച്ചപ്പിള്ളി

(41)

ഭരണകർത്താക്കളെ വീണ്ടും വീണ്ടും തുടരാൻ അനുവദിക്കുകവഴി അലസതയും ഏകാധിപത്യ വാസനയും അതുവഴി ഭരണ പരാജയത്തിനും വഴി തെളിക്കുന്നു എന്നത് പൊതുവെ ലോകം അംഗീക രിച്ചിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് കൂടിയ അധികാരങ്ങൾ ലഭിച്ചിരിക്കുന്ന ഈ അവസരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിൽ ഭരണകർത്താക്കളെ വീണ്ടും വീണ്ടും തിര ഞ്ഞെടുത്ത് ഭരണ പരാജയമുണ്ടാകാതിരിക്കാൻ അവിടങ്ങളിലെ വോട്ടർമാർ ശ്രദ്ധിക്കേണ്ടിയിരിക്കു ന്നു. - എസ്.കാച്ചപ്പിള്ളി

(42)

സഹകരണ മേഖലയിൽ നടക്കുന്ന ക്രമക്കേടുകളെപ്പറ്റി സഹകരണ ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് തലത്തിൽ പോലീസിൽ പരാതിപ്പെടുകയും അതിൽ നടപടികൾ സ്വീകരിക്കപ്പെടുന്നു എന്നതുമാണ് ആശ്വാസകരമായ വാർത്തകൾ. ക്രമക്കേടുകൾ കണ്ടുപിടിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റർമാരും അത്തരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ പരാതി നൽകുവാൻ തയ്യാറാവുക തന്നെ വേണം. കണ്ടുപിടിക്കുന്ന ക്രമക്കേടുകൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാത്ത ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിലെ ജീവനക്കാരും അഴിമതിക്ക് കൂട്ട് നിൽക്കുന്നവരായി കണക്കാക്കി ഉചിതമായ നടപടി ഓഡിറ്റർമാർക്കെതിരേയും സ്വീകരിക്കാൻ വേണ്ട നിയമം സംസ്ഥാനത്ത് കർശനമാക്കേണ്ടിയിരിക്കുന്നു - എസ്.കാച്ചപ്പിള്ളി

(43)

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണ പരിഗണനകൾ വച്ചുള്ള പ്രവേശനം സമൂഹത്തിന്റെ വളർച്ചയെ അവഗണിക്കുന്നതിനു തുല്ല്യമാണ് എന്ന് വിശ്വസിക്കുന്നവർ തങ്ങളുടെ മക്കളുടെ ഉന്നതമായ വളർച്ച വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല വിവാഹാനന്തരമുള്ള ജീവിതത്തിലും ഉണ്ടാകണമെന്ന് ആഗ്രഹിക്കുക സ്വാഭാവികമാണ്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർമാർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഭൂരിപക്ഷ സമുദായങ്ങൾ പരത്താൻ ശ്രമിച്ചേക്കാവുന്ന സമുദായ ചിന്തകളുടെ കെണികളിൽ വീണ് പോകാതെ സമൂഹത്തിന്റെ വളർച്ച പരിമിതപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും കാര്യക്ഷമതക്ക് ഊന്നൽ നൽകേണ്ടിയുമിരിക്കുന്നു. – എസ്.കാച്ചപ്പിള്ളി

(44)

കേരളം മദ്യ-മയക്കു മരുന്നിന്റെ പിടിയിലാണെന്ന് ഏറെക്കുറെ ഉറപ്പായിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഉയർന്ന വിദ്യാഭ്യാസ നിലവാരവും ഉയർന്ന ആരോഗ്യ സംവിധാനവും നില നിൽക്കുന്നിടത്താണ് സംസ്ഥാനം മദ്യ-മയക്കു മരുന്നിന്റെ പിടിയിലാവുന്നത് എന്ന പ്രത്യേകത കൂടിയുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ കേരള മോഡൽ എന്ന പ്രയോഗത്തിൽ എന്തൊ പന്തി കേടുണ്ട് എന്ന് ഈ വിഷയത്തിൽ ഉറപ്പാകുന്നു. മദ്യ-മയക്കു മരുന്നിന്റെ പിടിയിൽ നിന്ന് നമ്മുടെ സംസ്ഥാനത്തിനെ മോചിപ്പിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടിയ ഉത്തരവാദിത്വ മാണ് ഉള്ളതെന്നും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ ആ ഉയർന്ന ഉത്തരവാദിത്വം ഏറ്റെടുക്കു കതന്നെ വേണം. - എസ്.കാച്ചപ്പിള്ളി

(45)

കുട്ടികളുടെ ആത്മഹത്യാ നിരക്ക് വർഷത്തിൽ മുന്നൂറിനു മുകളിലായ നമ്മുടെ സംസ്ഥാനത്ത് കുട്ടികൾക്കിടയിലെ ലഹരിയുടെ ഉപയോഗവും ഞെട്ടിപ്പിക്കുന്നതാണ്. വിദ്യാഭ്യാസത്തിലും ആരോഗ്യ മേഖലയിലും മുന്നിട്ട് നിൽക്കുന്ന കേരളവുമായി താരതമ്യം ചെയ്യുമ്പോൾ അത്രതന്നെ മുന്നിട്ടു നിൽക്കുന്ന ലോകരാജ്യങ്ങളിൽ ഇത്രയും ഭീതിപ്പെടുത്തുംവിധം ലഹരി ഉപയോഗം സംഭവിച്ചിട്ടുണ്ടോ എന്നത് സംശയമാണ്. പഞ്ചായത്ത് രാജ് നടപ്പിലാക്കിയതോടുകൂടി കൂടിയ അധികാരങ്ങൾ ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കുട്ടികളുടെ ലഹരി ഉപയോഗത്തെ ഇല്ലായ്മ ചെയ്യുന്നതിൽ കൂടുതലായി ഉടപെടാൻ കഴിയുക. അതുകൊണ്ട് തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് അവരുടെ പരിധിയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകി ഇതിനൊരു പരിഹാരം കണ്ടെത്താനും കഴിയുക - എസ്.കാച്ചപ്പിള്ളി

(46)

പഞ്ചായത്ത്‌രാജ് സംവിധാനം വഴി തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിലൂടെ കോടിക്കണക്കിനുള്ള തുക എങ്ങനെ ശാസ്ത്രീയ മായി കൈകാര്യം ചെയ്യണമെന്ന് തീരുമാനമെടു ക്കുവാനുള്ള ചുമതല അതാത് പഞ്ചായത്ത്‌രാജ് അംഗങ്ങളിൽ നിക്ഷിപ്തമായി. സാമൂഹ്യവും വിദ ്യാഭ്യാസപരവുമായ വളർച്ച നേടിയ കേരളം സമൂ ഹത്തിന് മാതൃകയാക്കാൻ സാധ്യമാകുംവിധം യോഗ്യരായവരെയാണൊ പഞ്ചായത്ത് രാജ് അംഗ ങ്ങളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തിര ഞ്ഞെടുത്തത് എന്നത് ചോദ്യചിഹ്നമായി അവശേ ഷിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(47)

ഈയടുത്ത നാളുകളായി നമ്മുടെ സംസ്ഥാനമായ കേരളം വിട്ട് മറ്റിതര നാടുകളിലേക്ക് വിദ്യാഭ്യാസ ത്തിനായും ജീവിത പ്രാരാബ്ധത്തിനു പരിഹാര മായും പോകുന്നവരുടെ സംഖ്യ വളരെ കൂടുതലാ ണ്. സാമാധാനമില്ലാത്ത അന്തരീക്ഷത്തിലേക്ക് രാ ഷ്ട്രീയ ഭരണ നേതൃത്വങ്ങൾ നമ്മുടെ സംസ്ഥാ നത്തെ കൊണ്ടെത്തിച്ചിരിക്കുന്നു എന്ന് പറയാതെ വയ്യ. കൂടിയ അധികാരം കൈയ്യാളുന്ന ഇന്നത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മികവാർന്ന അന്തരീക്ഷം അതാത് പ്രദേശങ്ങളിൽ നിലനിർത്തു വാൻ സാധ്യമാക്കുന്നതിൽ വലിയ പങ്ക് വഹിക്കാൻ കഴിയും. അതാത് പ്രദേശങ്ങളിൽ മാനസികവും ആരോഗ്യപരവുമായ വളർച്ചയിൽ നേട്ടം കൈവരി ക്കാൻ കഴിയുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങൾക്ക് നിർണ്ണായകമായ സ്ഥാനമാണുള്ളത്. - എസ്.കാച്ചപ്പിള്ളി

(48)

ആരാണ് ശരി പറയുന്നത് എന്ന് പരിഗണിക്കാതെ വിഭാഗീയ ചിന്തകളുടേയും രാഷ്ട്രീയ ചിന്തകളുടേയും മറ്റുമുള്ള പരിഗണനകളുടേയും പേരിൽ ഗുണദോഷ വിചിന്തനം സാധ്യമാകാതെ വരുന്നതുകൊണ്ടാണ് സമൂഹത്തിന് ശരിയായ ദിശാബോധം ലഭിക്കാതെ പോകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ വിഭാഗീയ ചിന്തകളും രാഷ്ട്രീയ ചിന്തകളും മൂലം ശരിയായ ദിശാബോധം ലഭിക്കാതെ പോകുന്നതിനാലാണ് ഇത്രയേറെ വിഭവസമാഹരണവും കൂടിയ അധികാരങ്ങളും ഉണ്ടായിട്ടുപോലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കാലഘട്ടത്തിനൊത്ത വികസനം സാധ്യമാകാതെ വരുന്നത്.

– എസ്.കാച്ചപ്പിള്ളി

(49)

അടിസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആധുനിക തയുടെ പര്യായങ്ങളായി മാറ്റേണ്ടതും അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ സമൂഹത്തിന് ഗുണമേന്മ നൽകുന്നവരായി മാറേണ്ട തുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങ ളുടെ പിരധിയിൽ വരുന്ന അടിസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആധുനികതയുടെ പര്യായങ്ങളാ ണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആധുനിക അടി സ്ഥാന വിദ്യാഭ്യാസം ലഭിക്കുന്നുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തുന്നതോ ടൊപ്പം അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തു വരുന്നവർ സമൂഹത്തിന് ഗുണമേന്മയേകു ന്നവരായി വളർന്നു വരുന്നതിനാവശ്യമായ നടപടി കളും സ്വീകരിക്കേണ്ടതുണ്ട്. - എസ്.കാച്ചപ്പിള്ളി

(50)

ട്രാക്റ്റർ ഉപയോഗിച്ചാൽ കാർഷിക മേഖലയിൽ പണിയെടുക്കുന്ന കോടിക്കണക്കിന് ആളുകളുടെ ജോലി ഇല്ലാതാകുമെന്ന നിലപാടാണ് സംസ്ഥാനം സ്വീകരിച്ചിരുന്നത്. ആധുനിക സംവിധാനങ്ങളോ ടുള്ള ഇത്തരം നിലപാടുകൾ സർക്കാർ സ്ഥാപന ങ്ങൾ ഏറ്റെടുത്തത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാന കാരണങ്ങ ളിൽ ഒന്നായി മാറി. കാലഘട്ടത്തിനൊത്ത കാര്യ ക്ഷമത സംസ്ഥാനത്ത് ഇല്ലാതാവുകയും ചെയ്തു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരി ക്കുന്നു - എസ്.കാച്ചപ്പിള്ളി

(51)

നമ്മുടെ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതിക ഉപകരണ ങ്ങൾ നിലവിൽ വരേണ്ടതും ആധുനിക സാങ്കേതിക ഉപകരണങ്ങൾക്കൊത്ത തൊഴിൽ റേഷ്യോ നില വിൽ വരേണ്ടതുമാണ്. ഇതുമൂലം ലഭിക്കുന്ന റവ ന്യൂ ശ്രോതസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളിലെ വികസനത്തിനായി ഉപയോഗപ്പെടുത്തേണ്ട തുമാണ് - എസ്.കാച്ചപ്പിള്ളി

(52)

ഭരണകർത്താക്കളുടെ കാര്യത്തിലായാലും കലയുടെ കാര്യത്തിലായാലും മറ്റിതര മേഖലയുടെ കാര്യത്തിലായാലും ധാർമ്മിക വ്യക്തിത്വങ്ങൾ മാത്രമെ പ്രോത്സാഹിപ്പിക്കപ്പെടാൻ പാടുള്ളൂ. കൂടുതൽ അധികാരങ്ങൾ ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ധാർമ്മിക ബോധമില്ലാത്തവർ തിരഞ്ഞെടുക്കപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അധാർമ്മികതയിലേക്ക് വഴിമാറാൻ ഇടയാകുന്നു. - എസ്.കാച്ചപ്പിള്ളി

(53)

വിദ്യാഭ്യാസ കാലഘട്ടം ശോഭനമല്ലെങ്കിൽ വളർന്നു വരുന്ന പൗരന്മാരിലെ പൗരത്വബോധം നാശോന്മുഖമായി മാറുന്നു. വളർന്നു വരുന്ന പൗരന്മാരുടെ വിദ്യാഭ്യാസ കാലഘട്ടം ശോഭനമാക്കി മാറ്റുന്നതിൽ ഈ കാലഘട്ടത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്തിയ പങ്കാണ് ഉള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിൽ വരുന്ന പൗരന്മാരുടെ വിദ്യാഭ്യാസ കാലഘട്ടം ശോഭനമാക്കി മാറ്റാനുതകുന്ന നടപടികൾ സ്വീകരിക്കാൻ അമാന്തിക്കരുത്. - എസ്.കാച്ചപ്പിള്ളി

(54)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സിക്കുന്ന സ്ഥാനാർത്ഥികൾ വിദ്യാസമ്പന്നരായിരിക്കാനും, പൊതുപ്രവർത്തനങ്ങളിൽ തൽപ്പരരായിരിക്കാനും, ധാർമ്മികതയും വ്യക്തിത്വവുമുള്ളവരായിരിക്കാനും, ഏറ്റവും മികച്ചതും പുതിയതുമായ സ്ഥാനാർത്ഥികളായിരിക്കാനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർമാർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു -എസ്.കാച്ചപ്പിള്ളി

(55)

നിയമ നിർമ്മാണ സഭയും നീതിന്യായ കോടതികളും എക്സിക്യൂട്ടീവുമടങ്ങുന്ന ജനാധിപത്യത്തിലെ മൂന്നു പ്രധാന തൂണുകൾ പോലെ പ്രധാനപ്പെട്ടതാണ് മാധ്യമങ്ങളും. മാധ്യമങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾക്ക് മറ്റിതര മേഖലയിലുള്ളവർ മറുപടി പറയാനുള്ള സൗമനസ്യം കാണിക്കുന്നത് ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളും അധികാര ദുർവിനിയോഗവും സാമ്പത്തിക ക്രമക്കേടുകളുമൊക്കെ മാധ്യമശ്രദ്ധ ലഭിക്കേണ്ടതുണ്ടെന്നും അത്തരം മാധ്യമശ്രദ്ധ തന്നെയാണ് അവിടങ്ങളിലെ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യാൻ സഹായകമായി മാറുന്നത് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.
- എസ്.കാച്ചപ്പിള്ളി

(56)

ലോകത്ത് എല്ലാ രാജ്യങ്ങളും ഫലസമൃദ്ധമായ അന്തരീക്ഷത്തിലേക്ക് എത്തിപ്പെടുന്നത് അവിടങ്ങളിൽ നടമാടുന്ന സാമൂഹ്യ സുരക്ഷയിലൂടെയാണ്. കേരളത്തിന് സാമൂഹ്യ സുരക്ഷ എന്ന നേട്ടം കൈവരിക്കാൻ സാധ്യമാകാതെ വരുന്നത് സംസ്ഥാനത്ത് നിലനിൽക്കുന്ന നോക്കുകൂലി ഉൾപ്പടെയുള്ള തിരുത്തപ്പെടേണ്ട ചിന്താഗതികളാണ്. പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ കൂടിയ അധികാരങ്ങൾ ലഭിച്ച ഇന്നത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം തിരുത്തപ്പെടേണ്ട ചിന്താഗതികൾ തിരുത്തുന്നതിൽ മികച്ച പങ്ക് വഹിക്കാൻ കഴിയുമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതുവഴി സമൂഹത്തിൽ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്താനും കഴിയേണ്ടിയിരിക്കുന്നു. - എസ്.കാച്ചപ്പിള്ളി

(57)

രാഷ്ട്രീയ പാർട്ടികൾ പലപ്പോഴും സംഘം ചേർന്ന് കൊള്ളയടിക്കുന്ന സംഘങ്ങളായി മാറാറുണ്ട്. അതുകൊണ്ട് തന്നെ സംഘം ചേർന്ന് സമൂഹത്തെ കൊള്ളയടിക്കാനായി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നവരെ വിമർശിക്കുമ്പോൾ വിമർശിക്കുന്നവരെ അരാഷ്ട്രീയവാദികൾ എന്നു വിളിച്ചു നിരുൽസാഹപ്പെടുത്തുന്നു. ജനാധിപത്യത്തിലെ ഏറ്റവും ചെറിയ ഘടകമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സരിക്കുന്നവരുടെ ധാർമ്മിക നിലവാരം തിരിച്ചറിഞ്ഞ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ മികച്ച വ്യക്തിത്വങ്ങളെ തിരഞ്ഞടുക്കാനും സംഘം ചേർന്നുള്ള കൊള്ളയടി ഇല്ലായ്മ ചെയ്യുവാനും സാധിക്കേണ്ടതുണ്ട്. – എസ്.കാച്ചപ്പിള്ളി

(58)

ഇലക്ട്രിസിറ്റി ബോർഡിൽ ഔട്ട് സോഴ്സിങ് സമ്പ്രദായം ഏർപ്പെടുത്തുകയാണെങ്കിൽ കേരള ത്തിലെ നല്ലൊരു വിഭാഗം ഭവനങ്ങളിലും വൈദ്യുതി സൗജന്യമായും കാര്യക്ഷമമായും നൽകുവാൻ കഴിയുമായിരുന്നു. തദ്ദേശ സ്വയംഭര ണസ്ഥാപനങ്ങൾ പൗരന്മാരുടെ താൽപ്പര്യ ങ്ങൾക്കാണ് മുൻഗണന നൽകുന്നതെങ്കിൽ അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് അവരുടെ കീഴിൽ വരുന്ന സേവന സ്ഥാപനങ്ങളിൽ പലപ്പോഴും ഔട്ട് സോഴ്സിങ്ങ് സമ്പ്രദായം ഏർപ്പെടുത്തേണ്ടി വരുന്നു. - എസ്. കാച്ചപ്പിള്ളി

(59)

സമൂഹത്തിലെ പല വ്യക്തികളും ഒന്നിൽ കൂടുതൽ പെൻഷൻ വാങ്ങുന്നവരാണെന്നു കാണാം. സമൂഹത്തിലെ എല്ലാ മേഖലയിലും ഉള്ളവർക്ക് ഒരു പെൻഷൻ മാത്രമെ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വ്യക്തികൾ ഒന്നിൽ കൂടുതൽ പെൻഷൻ വാങ്ങുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ടെന്നും അതുവഴി സമൂഹത്തിലെ ജനവിഭാഗങ്ങൾക്ക് ഉന്നത നിലവാരത്തിലുള്ള സാമൂഹ്യ സുരക്ഷ ഒരുക്കിക്കൊടുക്കാനും കഴിയുന്നു. - എസ്.കാച്ചപ്പിള്ളി

എസ്.കാച്ചപ്പിള്ളി








സംസ്ക്കാര, കൊച്ചി–682509

9446459784